**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** — **08.11.2019 - ൽ**

**ചോദ്യം നമ്പർ: *292** — **മറുപടിയ്ക്ക്**

**നീര അന്താരാഷ്ട്ര നിലവാരത്തിൽ വിപണിയിലിറക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് നീര ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും പുരോഗതി വ്യക്തമാക്കാമോ; | **എ)** നീര വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ലഹരി വിമുക്തവും, ആരോഗ്യകരവുമായ പാനീയം പൊതുജനങ്ങളിൽ എത്തിക്കുക അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നീര ഉത്പാദക കേന്ദ്രങ്ങൾ തുടങ്ങുകയും, നീര ടാപ്പിംഗ് തൊഴിലാളികൾക്ക് പരിശീലനം നൽകി നീര ഉത്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 29 നീര ഉത്പാദക കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| **ബി)** പല കമ്പനികൾ പല പേരുകളിൽ ഇറക്കുന്ന നീര പൊതു ബ്രാൻഡിൽ അന്താരാഷ്ട്ര നിലവാരത്തിൽ വിപണിയിലിറക്കുവാൻ നടപടി സ്വീകരിക്കുമോ; | **ബി)** നീര ഏകീകൃത ബ്രാൻഡാക്കുക, അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി നീര ഉൽപാദക കമ്പനി പ്രതിനിധികളുടേയും, കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, നാളികേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC), കേരാഫെഡ്, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് നീര പൊതു ബ്രാന്റിൽ വിപണിയിൽ എത്തിക്കാൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നീരയുടെ quality standard 26.07.2018 ലെ ഗസറ്റ് വിജ്ഞാപനം അസാധാരണം വാല്യം(7) നമ്പർ 2010 വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലോഗോ പരസ്യവാചകം എന്നിവയും തീരുമാനിച്ചിട്ടുണ്ട്. |
| **സി)** നീര ചെത്തുന്നതിന് ഏകീകൃത സാങ്കേതികവിദ്യ വികസിപ്പിക്കുമോ; നീരയുടെ ഗുണമേന്മ പരിശോധിക്കുവാനും പൊതു മാനദണ്ഡം തയ്യാറാക്കുന്നതിനും കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | **സി)** നീര ഉത്പാദനത്തിന് പല കമ്പനികളും വ്യത്യസ്തമായുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനാൽ വ്യത്യസ്ത രുചികളിലാണ് അവ വിപണിയിൽ എത്തുന്നത്. ഇത് വിപണനത്തെ ബാധിക്കുമെന്നതിനാൽ നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള സാങ്കേതിക വിദ്യ ഒരു പോലെയാക്കുന്നതിനും, ചേരുവകൾ, ഗുണനിലവാരം എന്നിവ സംബന്ധിച്ച പൊതു മാനദണ്ഡം നിശ്ചയിക്കുന്നതിനും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**